**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 530** **23-06-2026-ൽ മറുപടിയ്ക്ക്**

**ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഗീതാ ഗോപി ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ ചൊവ്വൂർ വില്ലേജിലെ സർവ്വേ നമ്പർ 314/5-ൽപ്പെട്ട 8.645 സെന്റ് സ്ഥലത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 1.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് നിലകളിലായി ആകെ 4159.40 Sq ft വിസ്തീർണ്ണത്തിൽ, താഴത്തെ നിലയിലും, ഒന്നാമത്തെ നിലയിലും രണ്ടാമത്തെ നിലയിലുമായുള്ള തൊണ്ടിമുറിയുടെ റാക്ക് നിർമ്മാണം, ഓഫീസ് കെട്ടിടത്തിലേക്ക് ആവശ്യമായ ഫർണിച്ചറുകളും, രണ്ടാം നിലയിലെ കുറച്ച് ഇലക്ട്രിക് ജോലികൾ, ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം ഒഴികെ ബാക്കിയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തിയാകാൻ ശേഷിക്കുന്ന ജോലികൾ അടിയന്തരമായി പൂർത്തിയാക്കി ഓഫീസിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണ്.

**(ബി)** കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; നിർമ്മാണം പൂർത്തീകരിച്ച് ഓഫീസിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ ചൊവ്വൂർ വില്ലേജിലെ സർവ്വേ നമ്പർ 314/5-ൽപ്പെട്ട 8.645 സെന്റ് സ്ഥലത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 1.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് നിലകളിലായി ആകെ 4159.40 Sq ft വിസ്തീർണ്ണത്തിൽ, താഴത്തെ നിലയിലും, ഒന്നാമത്തെ നിലയിലും രണ്ടാമത്തെ നിലയിലുമായുള്ള തൊണ്ടിമുറിയുടെ റാക്ക് നിർമ്മാണം, ഓഫീസ് കെട്ടിടത്തിലേക്ക് ആവശ്യമായ ഫർണിച്ചറുകളും, രണ്ടാം നിലയിലെ കുറച്ച് ഇലക്ട്രിക് ജോലികൾ, ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം ഒഴികെ ബാക്കിയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തിയാകാൻ ശേഷിക്കുന്ന ജോലികൾ അടിയന്തരമായി പൂർത്തിയാക്കി ഓഫീസിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണ്.

**(സി)** കെട്ടിട നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മറുപടി:</u>** 1.50 കോടി രൂപയുടെ ഭരണാനുമതി നൽകിയ ടി കെട്ടിട നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. പ്രസ്തുത ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

File No.TAXES-G3/44/2018-TAXES

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - എക്സൈസ് - ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമാണം- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

G.O.(Rt)No.424/2021/TAXES    തീയതി,തിരുവനന്തപുരം, 30/06/2021

നികുതി (ജി) വകുപ്പ്

പരാമർശം:- 1 08.11.2018 തീയതിയിലെ സ.ഉ.(സാധാ) നം.816/2018/നി.വ ഉത്തരവ്.

2 എക്സൈസ് കമ്മീഷണറുടെ 07/01/2021 ലെ EXC/316/2017-XM7 നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം, ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം പണിയുന്നതിനായി ഭൂമി എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനു വിധേയമായി എന്ന വ്യവസ്ഥയിൽ, 105 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നതായും, ടി എസ്റ്റിമേറ്റിലെ പ്ലാൻ പ്രകാരം ഇരുനിലകളിലായി 289.85 m2 വിസ്തൃതിയിൽ ആണ് കെട്ടിടം വിഭാവനം ചെയ്തിരുന്നതെന്നും, എന്നാൽ ടി പ്ലാനിൽ കെട്ടിടത്തിലേക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം ഇല്ലാതിരുന്നതിനാൽ, താഴത്തെ നില പാർക്കിംഗിനും, തൊണ്ടി മുറിയായും ഉപയോഗിക്കാവുന്ന രീതിയിൽ, മുൻ പ്ലാൻ പ്രകാരമുള്ള സൗകര്യങ്ങൾ ഒന്നും രണ്ടും നിലകളിൽ ഉൾപ്പെടുത്തി 378.50 m2 വിസ്തൃതിയിൽ 150 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എൻജിനീയർ ലഭ്യമാക്കിയിട്ടുണ്ടെന്നും, ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് ഭരണാനുമതി നല്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും പ്രകാരമുള്ള 150 ലക്ഷം (നൂറ്റിയൻപത് ലക്ഷം) രൂപ 4059-01-051-94 എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുരേഷ് കുമാർ എസ്.

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം , തിരുവനന്തപുരം

3. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം

4. ധനകാര്യ (EXPA2/364/2018-FIN) വകുപ്പ്

5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ